**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **12-02-2024 - ൽ മറുപടിയ്ക്ക്**

**വിമാനത്താവളങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എം. എം. മണി,<br>ശ്രീ എം മുകേഷ് ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമല വിമാനത്താവളത്തിന് സുരക്ഷാ ക്ലിയറൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ശബരിമല ഗ്രീൻഫിൽഡ് അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയ്ക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്ന് "സൈറ്റ് ക്ലിയറൻസ്" അനുമതിയും, കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ ഡിഫൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സെക്യൂരിറ്റി ക്ലിയറൻസ് ലഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷ പദ്ധതി നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ഡി.സി 18.05.2023-ന് തന്നെ സമർപ്പിച്ചിരുന്നു. തുടർന്ന്, 20.07.2023-നും, 11.09.2023-നും ഇത് സംബന്ധിച്ച ഓർമ്മപ്പെടുത്തലുകൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് നല്കിയിരുന്നു. തുടർന്ന്, കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം സെക്യൂരിറ്റി ക്ലിയറൻസിനുള്ള അപേക്ഷ ഇ-സഹജ് എന്ന ഓൺലൈൻ പോർട്ടലിൽ 10.10.2023-ന് സമർപ്പിച്ചിരുന്നു. സെക്യൂരിറ്റി ക്ലിയറൻസ് കാലതാമസം കൂടാതെ ലഭിക്കുന്നതിന് കേരളാ ഹൗസിലെ റെസിഡെന്റ് കമ്മീഷണർ മുഖേനെയും ഫോളോ-അപ്പ് നടത്തിവരുന്നു. |
| (ബി) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുത്തിട്ടും നിർമ്മാണത്തിനാവശ്യമായ ടെണ്ടർ വിളിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ 17.08.2023 നും 03.11.2023 നും ടെൻഡർ വിളിക്കുകയും 16.12.2023 ന് സാമ്പത്തിക ബിഡ് തുറക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ മേൽനോട്ടത്തിൽ ബിഡ് പരിശോധനയും തുടർ നടപടികളും പുരോഗമിക്കുകയാണ്. |
| (സി) | കണ്ണൂർ വിമാനത്താവളത്തിൽ നിന്നും വിദേശ വിമാന കമ്പനികൾക്ക് സർവ്വീസ് നടത്താനുള്ള പോയിന്റ് ഓഫ് കോൾ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും | (സി) | കണ്ണൂർ വിമാനത്താവളത്തിന് പോയിന്റ് ഓഫ് കോൾ അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഊർജിത ശ്രമങ്ങൾ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | നടത്തിവരുന്നുണ്ട്. 17.05.2023 ലെ കത്തിലൂടെ ഇക്കാര്യം വീണ്ടും ബഹു. കേന്ദ്ര സിവിൽ ഏവിയേഷൻ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ട് വന്നിരുന്നു. കൂടാതെ 2024 ലെ പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിൽ ഉന്നയിക്കുന്നതിനായി ഈ വിഷയം എം.പിമാരുടെ ശ്രദ്ധയിലും കൊണ്ട് വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ